**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **07-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ ഇൻസുലിൻ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ ചില പ്രത്യേക മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ടൈപ്പ് 1 പ്രമേഹബാധിതരായ കൗമാരക്കാർക്ക് സൗജന്യമായി നൽകുന്ന ഇൻസുലിന് പല ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ടൈപ്പ് 1 പ്രമേഹ ബാധിതകരായ കുട്ടികൾക്കുള്ള മരുന്നുകൾ അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ടതല്ല. ഓരോ സാമ്പത്തിക വർഷവും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പാക്കുന്ന ആരോഗ്യ പദ്ധതിയായ മിഠായി പ്രോജക്ട് വഴിയാണ് ടൈപ്പ്-1 പ്രമേഹ ബാധിതരായ കുട്ടികൾക്കും, കൗമാരക്കാർക്കും ഇൻസുലിൻ നൽകിവരുന്നത്. അതിനുപയോഗിച്ചു വരുന്ന മരുന്നുകൾ സംഭരിക്കുന്നതിനായി ദർഘാസ് ക്ഷണിച്ചെങ്കിലും യോഗ്യരായ വിതരണക്കാരെ ലഭിക്കാത്തതിനാൽ പുനർദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചുവരുന്നു. |
| (സി) | ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്ക് മുടക്കം കൂടാതെ ഇൻസുലിൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിനായി സത്വര നടപടികൾ കോർപറേഷൻ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ